5759

COCHIN

LEGISLATIVE COUNCIL PROCEEDINGS

(OFFICIAL REPORT OF THE SECOND LEGISLATIVE SESSION OF THE FOURTH COCHIN LEGISLATIVE COUNCIL.)

Vol. IV — 1112.

COCHIN LEGISLATIVE COUNCIL

Thursday,

21st January, 1937.
8th Makaram, 1112.

The Council met in the Council Hall, Ernakulam, at Eleven of the Clock with the Hon'ble the President (Sir Shanmukham Chetty, K. C. I. E.) in the Chair.

Messrs. K. T. Mathew, C. S. Viswanatha Ayyar, and H. J. Walmesley were absent.

Questions and Answers.

Staff Selection Board—Secretary—appointment of.

ഡാ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു ദയവായി മറുപടി പറയുമോ:—

(എ) (i) Staff Selection Board-ന് ഒരു സിക്രട്ടറിയേയോ തത്തുല്യമായ മറേറതെങ്കിലും ഒരു പുതിയ തസ്തികയോ ഏർപ്പെടുത്താൻ ഗവൺമെൻറിന് ആലോചനയുണ്ടോ എന്നും,

(ii) ഉണ്ടെങ്കിൽ ആ തസ്തികകൾ നിശ്ചയിക്കുവാൻ പോകുന്ന ശമ്പളം എന്താണെന്നും പറവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ;

(ബി) Staff Selection Board-ൽ ഇപ്പോഴുള്ള മൂന്നു മെമ്പർമാരും ജാതിപ്പട്ടികയനുസരിച്ച് ഏതേതു സമുദായത്തിൽ പെട്ടവരാണെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— (എ) (i) ഇല്ലാ.

(ii) മറുപടി ആവശ്യമില്ലാ.

(ബി) ഫ്രഫ്രാ ചിങ്ങം ൧-ാം ന-യിലത്തെ കൊച്ചി ഗവമ്മെണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഫൻനന്ന ആഗസ്റ്റ് ൨൨-ാം ന-യിലത്തെ പി. ന—ഫ്രഫ്രഫ്ര-ൽ ഫനന്നർവ്വ-ാം നമ്പ്ര ഉത്തരവു നോക്കുക.

Staff Selection Board—appointments—particulars regarding.

൨൦൨. മിസ്റ്റർ വി. കെ. കുട്ടി *(Muslims)* താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെൻറു ദയവു മറുപടി പറയുമോ:

സ്റ്റാഫ് സെലക്ഷൻ ബോർഡു മുഖേന ഇതേവരെ നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പേരുവിവരവും, അവരുടെ ശമ്പളത്തോതും, വിദ്യാഭ്യാസയോഗ്യതയും, അവർ ജോലിചെയ്യുന്ന ഡിപ്പാർട്ടുമെണ്ടുകളുടെ പേരും അടങ്ങിയ ഒരു ലിസ്റ്റ് അച്ചടിച്ചു മേശപ്പുറത്തു വെക്കുമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ ശുപാർശയനുസരിച്ചു ഗവമ്മെൻറിൽനിന്നും നിയമിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പട്ടികകൾ ഫ്രഫ്രാ ധന ൨൩-ാം ന- യിലത്തെ കൊച്ചി ഗവമ്മെൻറു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— പ്രസിദ്ധം ചെയ്തിരിക്കുന്ന കാളങ്ങളിൽ ഏതു ദിവസത്തിൽ ഉണ്ടായ വേക്കൻസിക്കാണ് അപ്പായിൻറു ചെയ്തിട്ടുള്ളതു് എന്നു പറഞ്ഞിട്ടില്ല. അതുകൊണ്ടു ദയവുചെയ്ത് ആ കാളംകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ കൊള്ളാം.

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government)*.— Period of Vacancy കാണിക്കണമെന്നാണോ?

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— അതെ.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ *(Urakam)*.— സ്റ്റാഫ് സെലക്ഷൻ ബോർഡി ലുശുപാർശകളെല്ലാം ഗവമ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

Mr. T. S. Narayana Ayyar *(Secretary to Government)*.— According to the constitution of this board they are purely advisory.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ *(Urakam)*.— എല്ലാം സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly